Santhigiri

ഗുരുവാണി

"നമ്മുടെ ജീവിതലക്ഷ്യം സാക്ഷാത്കരിക്കുന്നത് ക്രമീകൃതമായ ഒരു മാർഗ്ഗം സ്വീകരിച്ചുകഴിയുമ്പോഴാണ്. "

ഉണ്മനിതകം

VOL 05 | ISSUE 23 | 2019 ജൂൺ 09 | 1194 ഇടവം 26

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# പരിസ്ഥിതിദിനാചരണവുമായി ശാന്തിഗിരി

**സ്പിരിച്വൽ സോൺ :** 1994 ജൂൺ 11ന് പാലക്കാട് വച്ച് ഗുരു നടത്തിയ പ്രഭാഷണത്തിൽ ഇപ്രകാരം പറയുകയുണ്ടായി **"നമ്മുടെ ഭൂമി എല്ലാത്തിനും ഉതകിയ ഒരു ഭൂമിയാണ്. നമ്മുടെ പ്രകൃതി ഉപയോഗിച്ചെടുത്താൽ സൗന്ദര്യമുള്ളതും സ്നേഹത്തിന്റെ മഹിമ പുലർത്തുന്നതുമായ നാടാണ്. സകലതും നട്ടാലുണ്ടാകുന്ന നാടാണ് നമ്മുടേത്. അങ്ങനെയുള്ള പ്രകൃതിയുടെ സംവിധാനം നമ്മൾ നശിപ്പിക്കരുത്. പുണ്യമില്ലാത്ത ഭൂമിയിൽ വെള്ളം വരില്ല. നമ്മുടെ രാജ്യം പുണ്യമില്ലാതെ വരണ്ടുപോയാൽ പ്രകൃതി ശരിയല്ലാതാകുന്നു. പ്രകൃതി കനിവായിട്ടു വരണമെങ്കിൽ അതിനുതക്ക ജീവൻ ഇവിടെ വളരണം. സാധുക്കളെ വരുത്തി സൽക്കരിക്കുന്ന പരിചയം ഈ നിലയ്ക്ക് മനസ്സിലാക്കണം".** ഈ സന്ദേശത്തെ മുൻനിർത്തി ഈ വർഷത്തെ പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് ശാന്തിഗിരി ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ കേന്ദ്രങ്ങളിൽ പരിപാടികൾ നടക്കുകയുണ്ടായി.

കേന്ദ്രാശ്രമത്തിൽ ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകർ ഔഷധത്തോട്ടം നിർമ്മിച്ചു. അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് ഇൻചാർജ് സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, ശാന്തിമഹിമ കോർഡിനേറ്റർ മനോജ്കുമാർ സി.പി. എന്നിവർ നേതൃത്വം നൽകി. മുക്കുറ്റി, ചെറൂള, ഉഴിഞ്ഞ, തിരുതാളി, പൂവാംകുറിന്നില, കറുക, നിലപ്പന, വിഷ്ണുക്രാന്തി, കയ്യോന്നി, മുയൽചെവിയൻ തുടങ്ങിയ ദശപുഷ്പങ്ങളുടെ കൃഷിയാണ് ആരംഭിച്ചത്. ശാന്തിഗിരി ഗുരുമഹിമയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സൗഹൃദ പേപ്പർ ബാഗുകളുടെ നിർമ്മാണം നടന്നു. പ്രവർത്തകർ എജ്യൂക്കേഷൻസോൺ പരിസരം ശുചീകരിച്ചു. ജനനി നവപ്രിയ ജ്ഞാനതപസ്വിനി, ജനനി രേണുരൂപ ജ്ഞാനതപസ്വിനി എന്നിവർ നേതൃത്വം നൽകി.

നെയ്യാറ്റിൻകരയിൽ പരിസ്ഥിതിദിനത്തിൽ പാറശ്ശാല ഗവ.ആയുർവേദ ആശുപത്രി പരിസരം ശുചീകരിക്കുകയും ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.ആർ.സലൂജ പരിപാടി ഉദ്ഘാടനം ചെയ്തു. സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി മഹനീയസാന്നിധ്യം വഹിച്ചു. തിരുവനന്തപുരത്ത് മാതൃമണ്ഡലം സംഘടിപ്പിച്ച പരിസ്ഥിതിബോധവൽക്കരണ ക്ലാസ്സിൽ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി മുരിങ്ങക്കൃഷിയെക്കുറിച്ച് ക്ലാസ്സെടുത്തു. സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി സന്നിഹിതനായിരുന്നു. പങ്കെടുത്തവർ പരിസ്ഥിതി സംരക്ഷണപ്രതിജ്ഞ ചൊല്ലി. ചേങ്കോട്ടുകോണം ഗവ.എൽ.പി.സ്കൂളിൽ ശാന്തിഗിരി ആശ്രമം അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് ഒരുക്കിയ ഔഷധത്തോട്ടത്തിന്റെ ഉദ്ഘാടനം നടന്നു. സ്വാമി നവകൃപ ജ്ഞാനതപസ്വി പങ്കെടുത്തു.

തലശ്ശേരി കൂത്തുപറമ്പിനടുത്തുള്ള കോട്ടയം ചിറ സ്വാമി മധുരനാദൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ വൃത്തിയാക്കി. കോട്ടയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റ്റി.ശബ്ന ശുചീകരണകർമ്മം ഉദ്ഘാടനം ചെയ്തു. എറണാകുളം മാതൃമണ്ഡലം സംഘടിപ്പിച്ച ബോധവത്ക്കരണക്ലാസ്സിൽ ആർട്ട് ഓഫ് ലിവിംഗ് യോഗ റീജ്യണൽ ഡയറക്ടർ രാജഗോപാൽ കൃഷ്ണൻ സംസാരിച്ചു. ജനനി വിജയ ജ്ഞാനതപസ്വിനി മഹനീയ സാന്നിധ്യം വഹിച്ചു.

## 'റിവൈവ് വെള്ളായണി' പദ്ധതിയിൽ ശാന്തിഗിരിയും

**വെള്ളായണി :** കൊല്ലം ശാസ്താംകോട്ട, വയനാട് പൂക്കോട് കായലുകൾ കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും പ്രാധാന്യമുള്ള ശുദ്ധജല തടാകമായ വെള്ളായണി കായലിനെ നാശത്തിൽ നിന്നും കൈപിടിച്ചുയർത്താനുള്ള ശ്രമങ്ങൾക്ക് തുടക്കമായി. ശാന്തിഗിരി ആശ്രമം, സ്വസ്തി ഫൗണ്ടേഷൻ, ജലവിഭവ പോലീസ്, അഗ്നിശമന സേന, ടൂറിസം വകുപ്പ്, തിരുവനന്തപുരം ജില്ലാ ഭരണകൂടം, തിരുവനന്തപുരം നഗരസഭ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തങ്ങളുടെ കുടിവെള്ള സ്രോതസ്സിന്റെ പ്രാധാന്യം മനസ്സിലാക്കി പൊതുജനങ്ങളും റിവൈവ് വെള്ളായണിക്ക് പൂർണ്ണ പിന്തുണ നൽകുന്നു.



വെള്ളായണി കായൽ

മുപ്പതിലേറെ ചാലുകളും കനാലുകളും കായലിലേക്ക് ഒഴുകിയെത്തുന്നുണ്ട്. അതിന്റെ പരിസരത്ത് താമസിക്കുന്ന ആളുകളെ ചേർത്താണ് ഈ വലിയ കൂട്ടായ്മ സംഘടിപ്പിക്കുന്നത്. 75 ദിവസം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളിൽ ആഫ്രിക്കൻ പായൽ, കുളവാഴ അടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യും. തുടർന്നും മലിനമാകാതിരിക്കാനുള്ള പദ്ധതികൾക്ക് അധികാരികൾ രൂപം നൽകിക്കഴിഞ്ഞു.

# കുരുന്നുകൾക്ക് ആഘോഷമായി ശാന്തിഗിരി വിദ്യാഭവനിൽ പ്രവേശനോത്സവം

**എജ്യൂക്കേഷൻ സോൺ :** പുതിയ അദ്ധ്യയനവർഷത്തിൽ അക്ഷരങ്ങളുടെ ലോകത്തേക്ക് കടക്കുന്ന കുരുന്നുകൾക്ക് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ സ്നേഹോഷ്മളമായ വരവേൽപ്പ്. വാദ്യമേളങ്ങളുടെ അകമ്പടിയോടെയാണ് കുട്ടികളെ സ്വീകരിച്ചത്. ബലൂണുകളും വർണ്ണച്ചിത്രങ്ങളും കൊണ്ട് അലങ്കരിച്ച ക്ലാസ്സ് മുറികൾ കുട്ടികളിൽ കൗതുകമുണർത്തി. പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം ഇന്റർനാഷണൽ ട്രെയിനറും ഹിപ്നോതെറാപ്പിസ്റ്റുമായ എസ്.സുരേഷ്കുമാർ നിർവ്വഹിച്ചു. സമകാലിക സമൂഹത്തിൽ മാതാപിതാക്കളും കുട്ടികളും തമ്മിലുണ്ടായിരിക്കേണ്ട ഊഷ്മളമായ ബന്ധം, കുട്ടികളുടെ വ്യക്തിത്വ വികസനത്തിൽ മാതാപിതാക്കളുടെ പങ്ക് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.



ശാന്തിഗിരി സീനിയർ സെക്കന്ററി സ്കൂളിൽ നടന്ന പ്രവേശനോത്സവം

സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി, സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, ജനനി കൃപ ജ്ഞാനതപസ്വിനി, എ.രാധമ്മ, എം.പി.പ്രമോദ് തുടങ്ങിയവർ സംസാരിച്ചു. ശാന്തിഗിരി വിദ്യാഭവനിൽ നിന്നും പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ഉപഹാരം നൽകി.



കേന്ദ്രമന്ത്രിമാരായ മുക്താർ അബ്ബാസ് നഖ്വിയെയും ജന.വി.കെ സിംഗിനെയും സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി സന്ദർശിച്ചപ്പോൾ

# ഗുരുവാണി

നമുക്ക് അച്ഛനോട്, അമ്മയോട്, ഭാര്യയോട്, ധനത്തോട്, വിദ്യയോട് - ഇങ്ങനെ ഓരോന്ന് എണ്ണിനോക്കിയാൽ എല്ലാറ്റിനോടും സ്നേഹമുണ്ട്. എന്നാൽ ഈ സ്നേഹങ്ങളെല്ലാം കൂടിച്ചേർന്ന പൂർത്തീകരണമാണ് ദൈവം അല്ലെങ്കിൽ ഗുരു. അപ്പോൾ നമ്മുടെ അറിവുകേടും അറിവും എല്ലാം അവിടെ സമർപ്പിച്ച്, നമ്മുടെ ജീവനെക്കൊണ്ട് നേടാവുന്ന എന്തെല്ലാമുണ്ടോ അതു നേടുക. അല്ലാതെ വെറുമൊരു നാലാംതരത്തിൽ പെരുമാറുന്നതിന് ഒരിക്കലും ചിന്തിക്കരുത്. ആ ചിന്ത നമ്മളെ അടിമപ്പെടുത്തിക്കളയും. തികച്ചും ഈ അറിവ് നമ്മുടെ കുട്ടികളിൽക്കൂടി നാടിനും രാജ്യത്തിനും വേണ്ടിവന്നാൽ ഉലകത്തിനു തന്നെയും ദൈവമായിട്ടു കൊടുക്കട്ടെ, നമ്മളാലാവുന്നതു ചെയ്യാം - ഈയൊരു ധാരണയാണു നിങ്ങൾക്കു വേണ്ടത്. അല്ലാതെ നിങ്ങൾ യാതൊന്നും ആഗ്രഹിക്കേണ്ട. ദൈവത്തിനു തരാനുള്ളത് എല്ലാം തരട്ടെ.

നിങ്ങൾ കുറെപ്പേർ കുറെക്കാലങ്ങളായി പലതും ഇവിടെ ചെയ്യുന്നു. നിങ്ങളുടെ ആ പ്രയത്നം വളരെ നല്ലതുപോലെ ഫലിച്ചിട്ടുണ്ടെന്നാണ് എന്റെയൊരറിവ്. എന്നാൽ ചില പ്രയത്നങ്ങൾ ഫലിക്കാതെയുമുണ്ട്. അതിനുകാരണം ഇവിടെ മുമ്പു പ്രവർത്തിച്ചു പോന്ന ചില ആളുകളുടെ തിരിച്ചറിവിന്റെ ഒരു കുറവാണ്. ആ കുറവ് എന്നത് മനുഷ്യസഹജമാണ്. അതു സാരമില്ല. ഇനി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാനുള്ള സ്നേഹാദരങ്ങൾ, വിനയം, സത്യത്തോടു ചേർക്കാനുള്ള അനുകമ്പ ഇവ ഒരിക്കലും ഉള്ളിൽ നിന്നും വിടാതെ പ്രവർത്തിക്കണം. ആ അനുകമ്പ ഉള്ളിൽനിന്നും വിടരുതെന്നാണ്. അത് നാരായണഗുരു പറയുന്നത് ഇങ്ങനെയാണ്. 'നിൻതിരുമെയ് വിട്ടകലാതെ ചിന്തയും.' അപ്പോൾ തന്റെ ചിന്ത മൊത്തം ആ തിരുമെയ്യിൽ കൊടുത്തിട്ട്, ആ തിരുമെയ് എന്റെ ജീവന്റെയകത്ത് ഇരിക്കണം. അല്ലാതെ അകന്നിരിക്കേണ്ടതല്ല ദൈവം. അകന്നിരിക്കരുത്. തികച്ചും അത് ഉപനിഷത്താണ്. ഉപനിഷത്ത് എന്നു പറയുമ്പോൾ അർത്ഥം ചെവിയിൽ പറഞ്ഞു കൊടുക്കുക. അല്ലാതെ വെളിയിൽ പറഞ്ഞു കൊടുക്കുകയല്ല. അതായത് അർത്ഥം പറഞ്ഞ് ആളുകളെ രസിപ്പിക്കുകയല്ല. അത് തന്റെ ചെവിയിൽ കൊടുക്കുകയാണ്. അങ്ങനെയുള്ള ഉപ, കൂടെയുള്ള ആ വർത്തമാനം അല്ലെങ്കിൽ ആ സങ്കൽപം അല്ലെങ്കിൽ ആ കർമം, ആ ധർമം നമ്മുടെ ചെവിയിൽ കേൾക്കുകയാണ്. ചെവിയിൽ പറഞ്ഞു തരികയാണ്. ദൂരെ ഇരുന്നു പറയുകയല്ല. ദൂരെ ഇരുന്നു പറഞ്ഞാൽ അതു നമുക്കു കിട്ടുകയില്ല. തികച്ചും നമ്മുടെ ചെവിയിലാണതു പറയുക. ഇത് നമ്മളെ സംബന്ധിച്ച് സത്യമായിട്ട് മനസ്സിലാക്കുക. സത്യമായിട്ട് അനുഭവപ്പെടുക.

നിങ്ങളിൽ ചിലർ എന്നോട് പറയാറുണ്ട്, 'ഞാൻ ഇന്ന വാക്ക് കേട്ടു. അത് ഇന്നതുപോലെയായിരുന്നു. അത് ഇന്നതുപോലെയാണ് എനിക്കു പറഞ്ഞുതന്നത്.' നിങ്ങളുടെ വലിപ്പം അതുതന്നെയാണ്. അല്ലാതെ വേറെ എന്തെങ്കിലുമൊരു വലിപ്പം ഉണ്ടെന്നു ധരിക്കരുത്. എന്തെന്നാൽ നമ്മളുടെ ജീവനിൽ ഉതകിയതല്ലാതെ നമ്മൾ എവിടെപ്പോയാലും കിട്ടുകയില്ല. ആ ഒരു ധാരണ നമുക്കുണ്ടാകണം.

നമ്മുടെ ആളുകൾക്ക് ചില കുറവുകൾ ഉണ്ട്. ചിലത് എടുക്കാൻ അവർക്ക് വയ്യാതെ വന്നിട്ടുണ്ട്. എന്റെ കൂടെ നിന്നവർക്കും, എനിക്കതറിയാം, എടുക്കാൻ വയ്യാതെ വന്നിട്ടുണ്ട്. എന്നുവച്ച് ഞാൻ അവരുടെ കുറ്റം പറഞ്ഞ് അവരെ തള്ളിക്കളഞ്ഞാൽ അവർ നന്നാകുമോ? ഇനി അവരുടെ അനേകായിരം ജന്മാന്തരസുകൃതങ്ങളോ അകൃതങ്ങളോ പറഞ്ഞ് നിങ്ങളെ കേൾപ്പിച്ചിട്ട് എന്തു ചെയ്യാനാണ്? ഇതൊന്നുമല്ല നമുക്കാവശ്യം. ഇന്നു നിങ്ങളുടെ ആ സേവനസ്വഭാവത്തെ മാനിച്ചെടുക്കാനും മാനിച്ചെടുപ്പിക്കാനും ദൈവമായിട്ട് നിങ്ങൾക്കൊരു അവസരം തന്നതാണ്. അത് കളയരുത്.

നിങ്ങൾ കഴിയുമെങ്കിൽ പ്രവർത്തിച്ച് സ്നേഹംകൊണ്ട് ആ മഹിമ അറിഞ്ഞുചേരുമ്പോൾ സത്യത്തിന്റെ പുറപ്പാട് നിങ്ങൾക്കു കാണാം. അല്ലാതെ സ്നേഹം എവിടെയെങ്കിലും വച്ചിട്ട് പുറമേ എന്തെങ്കിലും കാണിച്ചുകൊണ്ട് സ്നേഹത്തെ എടുത്താൽ അതുവരില്ല. നമ്മൾ ചെയ്യുന്ന പ്രവൃത്തിയിലെല്ലാം സ്നേഹം അലിഞ്ഞു ചേരുകയാണ്. ഒഴുകിച്ചേരുകയാണ്. ഒരു കുപ്പിയിൽ നിന്ന് മറ്റൊരു കുപ്പിയിലേക്ക് തേൻ പകരുന്നു എന്നു വിചാരിക്കുക. അത് മുറിയില്ല. ഇങ്ങനെ നാം രണ്ടല്ലാതെ, നമ്മളുടെ മനസ്സിൽനിന്ന് സ്നേഹം പകർന്നുകൊണ്ടിരിക്കുകയാണ്. നാം എത്രയോ മന്ത്രവും യന്ത്രവും തന്ത്രവും പാലിച്ചിരിക്കുന്നു. എന്തൊക്കെ ചെയ്താലും ചെയ്തില്ലെങ്കിലും മനസ്സിൽ സ്നേഹാദരങ്ങൾ ഇല്ലെങ്കിൽ എല്ലാം പോകും. നമുക്ക് സ്നേഹമില്ലെങ്കിലും ദൈവം നമ്മോടു ചെയ്യുന്ന ഒരു പണിയുണ്ട്. അതു നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അധികം പേരും ഇതിനെ അത്ര മാനിക്കുന്നില്ലെന്നു മാത്രം. നിങ്ങൾ മാനിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ പ്രതിപുരുഷൻ നിങ്ങളോട് സ്നേഹം കാണിക്കും. അതാണു സത്യം. അത് നിങ്ങളോട് കാണിക്കുകയും ലോകത്തോടു കാണിക്കുകയും അങ്ങനെ ജീവന്റെ അനുകമ്പ എന്നുപറയുന്ന ആ ഭാഗത്ത് എത്തിയിട്ട് ആദരവുകൊണ്ടു നിൽക്കാൻ വയ്യാതെ നമ്മൾ തളർന്നു പോകുന്ന വിഷയമാണിത്. ഇതു സത്യമാണ്.

## വചനദീപ്തി

*നിത്യനായ ഈശ്വരനെ പ്രാപിക്കാൻ ഭക്തി തന്നെ ശ്രേഷ്ഠമായ ഉപായം; ഭക്തി മാത്രമാണ് ശ്രേഷ്ഠമായ ഉപായം.*

**നാരദഭക്തിസൂത്രങ്ങൾ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

**14.06.2019 – ലക്ഷ്മിപുരം, കാഞ്ഞാംപാറ**

## യാമപ്രാർത്ഥന

**2019 ജൂൺ 13 :– 03 AM- 06 AM**

# ആശ്രമജീവിതം

**പ്രകാശപഥം**

വാസനയില്ലാത്ത ഒരുവന് ആശ്രമജീവിതം സുഖമല്ല. പിന്നെ അവന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് മുന്നിൽ നിന്ന് പ്രവർത്തിച്ചില്ലെങ്കിൽ അതും ഒരു പ്രശ്നമാണ്. ഇങ്ങനെ വിവിധയിനങ്ങളെക്കൊണ്ട് വിലയിരുത്തുന്ന ആശ്രമസ്വഭാവങ്ങളുണ്ട്. മറിച്ച്, നാം വേറൊരു ആശ്രമത്തിൽ ചെല്ലുമ്പോൾ അവിടെ ഭക്തിയെന്നു പറയുന്ന സ്വഭാവത്തിൽ ഏതെങ്കിലും ഒരു ദേവനേയോ ദേവിയേയോ പൂജിച്ചുപോകുന്നയിടം. അല്ലെങ്കിൽ യോഗാഭ്യാസമുറ പഠിച്ചിട്ട് ഞാൻ യോഗിയാണെന്നും കർമിയാണെന്നും ഭക്തനാണെന്നും പറയുന്ന ഗുണവിശേഷത്തിൽ ജീവിക്കണമെന്ന് അവനൊരു വൈരാഗ്യം വരും. അങ്ങനെ വന്നിട്ട് ഈ യോഗിയാണെങ്കിൽ അവൻ കുറച്ചൊക്കെ ചെയ്ത് ഈ യോഗാഭ്യാസങ്ങളും ആസനമുറകളും പഠിച്ചതിനുശേഷം അവന് ഈ ജീവന് പുണ്യമില്ലെങ്കിൽ അവൻ അപകടവിദ്യയിലേക്ക് പോയിട്ട്, അങ്ങനെയും വരും.

ഈ ലോകത്ത് കാണുന്ന ആശ്രമസ്വഭാവത്തിന്റെ ഒരു പ്രകൃതമല്ല, നമ്മുടെ ഇവിടെയുള്ളത്. ഇത് എല്ലാവർക്കും മനസിലായിട്ടുള്ള ഒരു കാര്യമാണ്. പിന്നെ എങ്ങനെയാണ്, ഒരു ആശ്രമജീവിതത്തിൽ കടന്നുവരുമ്പോൾ തന്റെ കുട്ടികളെ എങ്ങനെയാക്കണം, എന്റെ സ്വന്തം വീട്ടിൽ എല്ലാമായിട്ടു കഴിയുന്ന ബന്ധുക്കൾ എങ്ങനെയാകണം, തന്റെ സുഹൃത്തുക്കൾ എങ്ങനെയാകണം, തന്റെ ജീവിതചര്യ എങ്ങനെയായിരിക്കണം, അതല്ല ഈ ഭൗതികം വിട്ടിട്ടല്ല ആത്മീയജീവിതത്തിലേക്ക് പോകുന്നത്.

എന്നാൽ ഭൗതികത്തിന്റെ ഏതെല്ലാം നീചവശങ്ങളുണ്ടോ അതെല്ലാം മാറിപ്പോകണം. അതെങ്ങനെ മാറും? ഒരു വാക്കുപറഞ്ഞാൽ ക്ഷമയില്ലാതെ എടുത്തുചാടുകയും അങ്ങനെ തന്റെ ജീവിതത്തിൽ സംസ്കാരം എന്നുപറയുന്ന പരിവർത്തനരംഗം വരാതെ നാം എങ്ങനെ അതിലേക്ക് കഴിയും. അതാണ് ഈ നായയുടെ വാൽ പന്തീരാണ്ടുവർഷം കുഴലിനകത്തിട്ടാലും ഇന്നതു തന്നെ എന്നു പറയുന്ന ഭാഗത്ത് ഈ സംസ്കാരത്തിന്റെ ഒരു ഭാഗം സൂക്ഷിച്ചിട്ടില്ലെങ്കിൽ അങ്ങനെ തന്നെയാകും എന്ന് മഹാൻമാർ പറയുന്ന ഭാഗത്ത് ചിലർക്ക് അങ്ങനെ വരും. ചിലർക്ക് ഒന്നിനെയും ഇഷ്ടപ്പെടാതെ വരും. മറ്റൊരുത്തൻ യഥാർത്ഥഭക്തനാണെങ്കിൽ അവന് ഇതൊന്നും ഒരു കാര്യമല്ല. കാരണം അവൻ ആശ്രമത്തിന്റെ ഏത് സ്വഭാവത്തിലും പഴകിയവാസനപോലെ നിൽക്കുന്നതാണ്. അവൻ പൂർത്തീകരിച്ച് പൂർത്തീകരിച്ച് ചോദിച്ചറിഞ്ഞ് ചോദിച്ചറിഞ്ഞ് അറിയാത്തതിനെ എടുക്കുന്ന ഒരു സ്വഭാവത്തിൽ എടുത്ത് അവൻ സത്യത്തിലേക്ക് പോകുന്ന ഒരു കർമത്തിന്റെ രീതിയാണത്.

എനിക്ക് വീട്ടിൽ സ്വസ്ഥതയുണ്ടാകണം. അല്ലെങ്കിൽ എനിക്ക് കിട്ടാത്ത കാര്യങ്ങളൊക്കെ ഉണ്ടാകണം. അതൊക്കെ ശരിയാണ്. പക്ഷെ ആ ഭൗതികത്തിനോടുതന്നെ ചേർത്തുവച്ചിട്ട് ഈ ആശ്രമജീവിതം എങ്ങനെ കൊണ്ടുപോകും? അതല്ലാതെ നമ്മൾ ആശ്രമത്തിന്റെ ചുറ്റുപാടും ജീവിച്ചിട്ട് ആശ്രമസ്വഭാവമല്ലാത്ത വേലയും പ്രവൃത്തിയും ചിന്തയും അങ്ങനെ പോകുമ്പോൾ വീട്ടിനകത്ത് വിഷമവും ദുരിതവും രോഗവും ഈ പിള്ളേരുതന്നെ ദുർഘടസന്ധിയിലേക്ക് മാറിയിട്ട് നമ്മുടെ മനസ്സു പിടിച്ചാൽ നിൽക്കാത്ത ചിന്തയിലോട്ട് പോകും.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ഗുരുലാഭം മറന്ന് ബഹുലാഭം തേടരുത്

സ്വാമി വിവേകാനന്ദൻ 1900 ഫെബ്രുവരി 2–ാം തീയതി രാത്രി കാലിഫോർണിയയിലെ ഷേക്സ്പിയർ ക്ലബിൽ വച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ശ്രീബുദ്ധ ഭഗവാന്റെ ചരിത്രം പറയുന്നതിങ്ങനെയാണ്.

"ബുദ്ധൻ പിറന്നപ്പോൾ അദ്ദേഹത്തിന്റെ പവിത്രതയുടെ പാരമ്യം കൊണ്ട് അകലെ നിന്ന് അദ്ദേഹത്തിന്റെ മുഖത്തുനോക്കുന്ന ആരും ഉടനടി കർമജടിലമായ മാർഗം വെടിഞ്ഞ് സന്ന്യാസം സ്വീകരിച്ച് മുക്തനായിത്തീരാൻ ശ്രമിക്കും. അതിനാൽ ദേവന്മാരൊരു സഭകൂടി. അവർ പറഞ്ഞു "നാം തുലഞ്ഞു". കാരണം ദേവന്മാർ മിക്കവരും യജ്ഞങ്ങൾ കൊണ്ടാണ് കഴിഞ്ഞുകൂടുന്നത്. യാഗങ്ങളൊക്കെ ദേവന്മാർക്കെത്തിച്ചേരുന്നു. ഇപ്പോഴീ യാഗങ്ങളൊക്കെ പൊയ്പ്പോയി. ദേവന്മാർ പശികൊണ്ടു പൊരിഞ്ഞു. എന്നുവച്ചാൽ അവരുടെ അധികാരമെല്ലാം പൊയ്മറഞ്ഞു. അതുമൂലം ദേവന്മാർ മൊഴിഞ്ഞു: "നമുക്കെങ്ങനെയെങ്കിലും ഈ മനുഷ്യനെ തുലയ്ക്കണം. നമ്മുടെ പിഴപ്പിനു പറ്റാത്തത്ര ശുദ്ധചരിതനാണവൻ". എന്നിട്ട് അവർ ഒരിക്കൽ അദ്ദേഹത്തിന്റെ നെഞ്ചിൽ യാഗാഗ്നി കത്തിച്ചു. അദ്ദേഹത്തിനൊന്നും സംഭവിച്ചില്ല. അവർക്ക് അദ്ദേഹത്തെ അന്നൊന്നും നശിപ്പിക്കാനായില്ല. ദേവന്മാർ ഒരു ശബ്ദം കേട്ടു. "നിങ്ങളുടെ ശ്രമം വ്യർത്ഥമാണ്, കാരണം പവിത്രതയെ ആർക്കും ഒരുകാലവും നശിപ്പിക്കാനാവുന്നില്ല". എന്നാൽ ദേവന്മാർ പരാജയം സമ്മതിച്ചു പിൻവാങ്ങിയില്ല. സ്വാമി വിവേകാനന്ദന്റെ വാക്കുകളിൽ തന്നെ നമുക്കു കേൾക്കാം, ശ്രീബുദ്ധന്റെ അവസാനത്തെ മരണവാണികൾ.

"എന്റെ അകക്കാമ്പിനെ പുളകംകൊള്ളിക്കുന്നു. അദ്ദേഹത്തിനു വാർദ്ധക്യമായി സുഖമില്ല. അപ്പോളെത്തി നിന്ദിതനായ ഒരു അന്ത്യജൻ – അവൻ ചത്ത മൃഗങ്ങളെ തിന്നു ജീവിക്കുന്നവൻ. ഹിന്ദുക്കളവരെ നഗരത്തിൽ കടക്കാൻ അനുവദിക്കില്ല. അവൻ അദ്ദേഹത്തെ ഭിക്ഷയ്ക്കു ക്ഷണിച്ചു. അദ്ദേഹം ശിഷ്യരോടൊത്തു വന്നുചേർന്നു. ചുന്ദന് ഈ മഹാത്മാവിനെ തനിക്ക് ഏറ്റവും ഉത്തമമെന്നു തോന്നിയ രീതിയിൽ ആദരിക്കണമെന്നു തോന്നി. അതിനാലവൻ കുറെയേറെ പന്നിയിറച്ചിയും കുറെ ചോറും തയാറാക്കി വച്ചു. ബുദ്ധൻ അതു നോക്കിക്കണ്ടു. ശിഷ്യന്മാരൊക്കെ ശങ്കിച്ചു നിൽക്കുകയായിരുന്നു. ആചാര്യനരുളി 'കൊള്ളാം നിങ്ങൾ കഴിക്കരുത്, കഴിച്ചാൽ നിങ്ങൾക്ക് ദോഷം നേരിടും'. എന്നാൽ ബുദ്ധനാവട്ടെ ഇരുന്നു മെല്ലെമെല്ലെ അതു കഴിച്ചു. സമത്വത്തിന്റെ ദേശികൻ പറയൻ ചുന്ദന്റെ ഭിക്ഷയായ പന്നിയിറച്ചി കൂടിയും കഴിക്കണം. അദ്ദേഹമവിടെയിരുന്ന് അതങ്ങു കഴിച്ചു. ബുദ്ധൻ ആസന്നമരണനായി കിടക്കുന്നു. അദ്ദേഹം ശിഷ്യന്മാരോടു പറഞ്ഞു: 'നിങ്ങളിലോരോരുവനും എന്നെപ്പോലെ തന്നെയാണ്. ഞാൻ നിങ്ങളിലൊരുവൻ മാത്രം. ഞാനിന്നെത്തിയിരിക്കുന്ന നില ഞാൻ സ്വയം സമ്പാദിച്ചതാണ്. നിങ്ങളും പ്രയത്നിക്കുവിൻ. ഞാൻ നേടിയ നില സ്വായത്തമാക്കുവിൻ'. സ്വാമി വിവേകാനന്ദൻ തുടരുന്നു. " ആ മനുഷ്യന്റെ മനസ്ഥൈര്യം നോക്കുവിൻ. ദേവന്മാരില്ല, ഉപദേവന്മാരില്ല, ദുർദേവതകളില്ല – ഒന്നുമില്ല. ആ വക യാതൊന്നുമില്ല. ഗൗരവപൂർണം, നിശ്ചലം'.

പാവപ്പെട്ട ചുന്ദനെക്കൊണ്ട് ഇങ്ങനെയൊരു ഭിക്ഷാകർമ്മം ചെയ്യിച്ചതാര്? ബുദ്ധൻ ജനിച്ചപ്പോൾ സഭകൂടിയവർ അന്നും ഇന്നും ഒരിക്കലും നിഷ്ക്രിയരല്ലെന്നോർക്കണം. പൂർണമായും കർമശേഷിയറ്റവരും അല്ല. തങ്ങളുടെ കാലം കഴിഞ്ഞിട്ടും ആ സത്യം അംഗീകരിക്കാൻ തയാറാവാതെ അവർ ഇന്നും സമകാലീനരായ മനുഷ്യരിലൂടെ പ്രവർത്തിച്ച് തങ്ങളാണ് എല്ലാത്തിനും അധികാരികൾ എന്ന് സ്ഥാപിക്കാൻ വൃഥാ പ്രയത്നം ചെയ്യുന്നു. എന്നാൽ അവരുടെ സ്വാധീനത്തിൽ നിന്നും രക്ഷപ്പെടാൻ ഈ കാലഘട്ടത്തിലെ മനുഷ്യർ എന്തുചെയ്യണം?

കലിയിൽ നാമജപമാണ് ഈശ്വരാരാധനയുടെ മാർഗമെന്ന് പറഞ്ഞിരിക്കുന്നു. ആ ധർമം ആചരിക്കുക. ഒന്നിൽ മുറുകെ പിടിച്ച് എല്ലാത്തിലും വ്യാപരിച്ചു തിരികെ ആ ഒന്നിൽ എത്തുക. ആ ഒന്നാണ് ഗുരു.അതുകൊണ്ടാണ് 'ഗുരു സകലധർമാത്മാ' എന്ന് പറയുന്നത്.

# പരിസ്ഥിതിദിനാചരണം



പാറശ്ശാല ഗവ. ആയുർവേദ ആശുപത്രിയിൽ വൃക്ഷതൈ നടുന്നു



തിരുവനന്തപുരത്ത് നടന്ന പരിസ്ഥിതി സംരക്ഷണപ്രതിജ്ഞ



ചേങ്കോട്ടുകോണം ഗവ.എൽ.പി.സ്കൂളിൽ ശാന്തിഗിരി ഒരുക്കിയ ഔഷധ തോട്ടം



ഗുരുമഹിമ പ്രവർത്തകരുടെ പരിസ്ഥിതി സൗഹൃദ ബാഗ് നിർമ്മാണം



ശാന്തിമഹിമ പ്രവർത്തകർ ഔഷധ തോട്ടം നിർമ്മിക്കുന്നു

# വിജയികൾക്ക് അനുമോദനവുമായി ഗൃഹസ്ഥാശ്രമസംഘം

**റിസർച്ച്സോൺ :** ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, ബി.എസ്.എം.എസ്. പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗത്തിൽ അനുമോദനം നൽകി. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, ഗവേണിംഗ് കമ്മിറ്റി ചുമതലക്കാർ എന്നിവർ വിജയികൾക്ക് സമ്മാനം നൽകി. ശാന്തിമഹിമ 5 എ.എം. ക്ലബ്ബിലെ പരീക്ഷാവിജയികളെയും ചടങ്ങിൽ അനുമോദിച്ചു.

അനുമോദനചടങ്ങിന് മുന്നോടിയായി സംസാരിച്ച സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി കുട്ടികളെ പ്രസ്ഥാനത്തിന് അനുഗുണമായി വളർത്തേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. ഡോ.കെ.ആർ.എസ്.നായർ, ടി.കെ.ഉണ്ണിക്കൃഷ്ണപ്രസാദ്, പി.പി.ബാബു തുടങ്ങിയവർ പങ്കെടുത്തു.



പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ഗൃഹസ്ഥാശ്രമസംഘം അനുമോദിക്കുന്നു



ശാന്തിഗിരി വിദ്യാഭവനിൽ ചേരുന്ന കരുണ ബേബിക്രഷിലെ കുരുന്നുകൾക്ക് ഉപഹാരം നൽകിയപ്പോൾ

# അവാർഡ് നേടി



ധന്യരാജ് മോഹൻ സി.എസ്.

സതേൺ റെയിൽവേയുടെ 64–ാം റെയിൽവേ വാരാചരണത്തിന്റെ ഭാഗമായി മികച്ച സേവനത്തിനുള്ള അവാർഡ് നേടിയ ധന്യരാജ്മോഹൻ സി.എസ്. രത്നഗിരി ഗുരുധന്യത്തിൽ ബി.അശോക് കുമാറിന്റെ ഭാര്യയാണ്.

# പൊതുയോഗം

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി ഗുരുമഹിമ തിരുവനന്തപുരം റൂറൽ ഏരിയ പ്രവർത്തകരുടെ പൊതുയോഗം ഇന്ന് രാവിലെ ശാന്തിഗിരി വിദ്യാഭവനിൽ വച്ച് നടക്കും. രാവിലെ 6 മണിയുടെ ആരാധനയോടുകൂടിത്തന്നെ പ്രവർത്തകർ ആശ്രമത്തിലെത്തണമെന്ന് ഗുരുമഹിമ ഓഫീസിൽ നിന്നും അറിയിച്ചു.

# ആവശ്യമുണ്ട്

ശാന്തിഗിരി മുദ്രണാലയത്തിലേക്ക് പ്രിന്റിംഗ് ജോലിയിൽ ഹെൽപ്പർമാരെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ മുദ്രണാലയവുമായി ബന്ധപ്പെടുക. ഫോ.നമ്പർ: 9188679251

# ദിവംഗതരായി



എ.രാജേശ്വരൻ



കെ.പത്മിനി അമ്മ

**കരുനാഗപ്പള്ളി :** വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം കരുനാഗപ്പള്ളി ഏരിയ സീനിയർ കൺവീനർ കരുനാഗപ്പള്ളി ബിനോയ് നിവാസിൽ എ.രാജേശ്വരൻ (73) മേയ്31ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ കെ.പി.ഗീത. മക്കൾ: ബിനോയ് ആർ., രശ്മി. മരുമക്കൾ :ഷീബ ബിനോയ്, സതീഷ്.

**കൊട്ടാരക്കര :** പനവേലി വലിയവിള വീട്ടിൽ കെ. പത്മിനി അമ്മ (80) ജൂൺ 4ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ് ദിവംഗതനായ കുട്ടൻപിള്ള. മക്കൾ : ശ്യാമള പി., വത്സല പി., മധു കെ. ആശ്രമം ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലെ രാജി എസ്. ചെറുമകളാണ്.

# സീഡ് സംസ്ഥാനതല ഉദ്ഘാടനം സാന്നിധ്യമായി ശാന്തിഗിരി വിദ്യാഭവൻ

**തിരുവനന്തപുരം :** മാതൃഭൂമി സീഡിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ.ബധിര വിദ്യാലയത്തിൽ വച്ച് ഡെപ്യൂട്ടി മേയർ രാഖി രവികുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ നിന്നും സീഡ് കോർഡിനേറ്റർ ബിന്ദു നന്ദന, അംഗങ്ങളായ അനന്തകൃഷ്ണൻ എം., ദേവു എസ്.എസ്., ഗുരുവനന്ദന, സ്നേഹാ മോഹൻ, നന്ദന മനോജ്, നയന മനോജ്, നന്ദാ ഗോപൻ തുടങ്ങിയവർ പങ്കെടുത്തു. പൊതു വിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു ഐ.എ.എസ്., ഫെഡറൽ ബാങ്ക് റീജ്യണൽ ഹെഡ് സാബു ആർ.എസ്., സംസ്ഥാന മലിനീകരണ നിയന്ത്രണ ബോഡ് സീനിയർ എഞ്ചിനീയർ ബിന്ദു രാധാകൃഷ്ണൻ, മാതൃഭൂമി തിരുവനന്തപുരം ബ്യൂറോ ചീഫ് അനീഷ് ജേക്കബ്ബ്, മാതൃഭൂമി യൂണിറ്റ് മാനേജർ ആർ.മുരളി, സീഡ് ജില്ലാ കോർഡിനേറ്റർ സുജിത് മോഹനൻ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



സീഡ് സംസ്ഥാനതല ഉദ്ഘാടനത്തിൽ പങ്കെടുത്ത ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ


കോൾ ഇന്ത്യ ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവെച്ചപ്പോൾ

# ധനസഹായം ലഭിക്കും

**ന്യൂഡൽഹി :** ആയുർവേദ സിദ്ധ ഗവേഷണ സ്ഥാപനവും നൈപുണ്യവികസന കേന്ദ്രവും ന്യൂഡൽഹിയിൽ ആരംഭിക്കുന്നതിന് ശാന്തിഗിരി ആശ്രമത്തിന് കേന്ദ്രഗവൺമെന്റ് സംരഭമായ കോൾ ഇന്ത്യ ലിമിറ്റഡിൽ നിന്നും സഹായം ലഭിക്കും. 49.89 ലക്ഷം രൂപയാണ് സഹായമായി ലഭിക്കുന്നത്. ഇത് സംബന്ധിച്ച ധാരണാപത്രം ആശ്രമം ന്യൂഡൽഹി സോണൽ ഓഫീസ് ഇൻചാർജ് സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വിയും കോൾ ഇന്ത്യ ലിമിറ്റഡ് സി.എസ്.ആർ. ഡിവിഷൻ ജനറൽ മാനേജർ എ.കെ.പാണ്ഡെയും ഒപ്പുവച്ചു.

# ശാന്തിമഹിമ 5 എ.എം. ക്ലബ്ബിന് മികച്ച നേട്ടം

**സ്പിരിചൽ സോൺ :** ആദ്ധ്യാത്മികാന്തരീക്ഷത്തിൽ പഠനമികവ് കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ശാന്തിഗിരി ശാന്തിമഹിമ രൂപവത്ക്കരിച്ച 5 എ.എം. ക്ലബ്ബിലെ വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ പരീക്ഷകളിൽ മികച്ച നേട്ടം. പൂജിതപീഠംസമർപ്പണം വ്രതാരംഭം മുതൽ ഇവർ എല്ലാദിവസവും രാവിലെ 5 മണിയുടെ ആരാധന കൂടി ആശ്രമാങ്കണത്തിൽ ഇരുന്ന് പഠനം നടത്തിയിരുന്നു. മുക്തൻ ആർ., ആദിത്യൻ എസ്., ഗുരുധർമ്മൻ ജി., സത്പ്രിയൻ ബി.എസ്., ഗുരുസ്നേഹം എച്ച്., ആനന്ദ് ആർ., മനു കെ.എസ്., ആദിത്യൻ എ.എസ്. എന്നിവരാണ് വിജയം നേടിയവർ. കർമ്മരംഗങ്ങളിലും ഈ കുട്ടികൾ സജീവമായിരുന്നു. കൊമേഴ്സ് സ്കീമിൽ പഠിക്കുന്ന ഇവർക്ക് സി.എ., സി.എം.എ.,സി.എസ്. തുടങ്ങിയ കോഴ്സുകൾ പഠിക്കാനുള്ള പരിശീലനവും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സും മുതിർന്ന ശാന്തിമഹിമ പ്രവർത്തകർ നൽകിയിരുന്നു. ഇപ്പോഴും കുട്ടികൾ ചിട്ടയോടുകൂടി ആശ്രമത്തിൽ വന്ന് പഠിക്കുകയും കർമ്മങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ട്.


ശാന്തിമഹിമ 5 എ.എം ക്ലബ്ബിലെ പ്രവർത്തകർ


ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മറ്റി ജനറൽ കൺവീനറും ജടായു എർത്ത്സ് സി.എം.ഡിയുമായ രാജീവ് അഞ്ചലിനെ ന്യൂയോർക്കിൽ ആദരിച്ചപ്പോൾ


Take a Break

WAYSIDE AMENITY COMPLEX

വഴിയോര വിശ്രമ കേന്ദ്രം

ശാന്തിഗിരി ആശ്രമത്തിന്റെയും
കെ.റ്റി.ടി.സി യുടെയും സംയുക്ത സംരഭം

- പരിശുദ്ധമായ വെജിറ്റേറിയൻ ഭക്ഷണശാല, ഇന്ത്യൻ-നോർത്ത് ഇൻഡ്യൻ, ചൈനീസ് ഭക്ഷണം, എയർ കണ്ടീഷൻ ചെയ്ത ഫാമിലി റെസ്റ്റോറന്റ്
- വിപുലമായ കാർ പാർക്കിംഗ് സൗകര്യം
- ദീർഘദൂരയാത്ര ചെയ്യുന്നവർക്ക് വിശ്രമിക്കാനുള്ള റെസ്റ്റ് റൂമുകൾ
- നൂതന ടോയ്‌ലറ്റ്, ബാത്റൂം സൗകര്യം
- വെൽനസ്സ് സെന്റർ
- വൈ-ഫൈ ഇന്റർനെറ്റ് സൗകര്യം



kerala God's Own Country | KTIL | Santhigiri

SANTHIGIRI P.O., THIRUVANANTHAPURAM
+91 8156857007, 8111882184 santhigiritakeabreak@gmail.com


# ജൂൺലക്കം വിപണിയിൽ









Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala